STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.88/PR/SPMC/PHQ/2022 Date:26.04.2022

# എന്റെ കേരളം: മികച്ച സ്റ്റാളിനുള്ള സമ്മാനം കേരള പോലീസിന്

സർക്കാരിന്റെ ഒന്നാം വാർഷികാഘോഷത്തിന്റെ ഭാഗമായി കോഴിക്കോട് സംഘടിപ്പിച്ച എന്റെ കേരളം പ്രദർശനത്തിൽ സർക്കാർ മേഖലയിലെ മികച്ച തീം പവലിയനുള്ള പുരസ്കാരം കേരളാ പോലീസിന്. ഏപ്രിൽ ആദ്യവാരം കണ്ണൂർ പോലീസ് മൈതാനത്തിൽ നടന്ന എന്റെ കേരളം പ്രദർശനത്തിലും മികച്ച തീം സ്റ്റാളിനുള്ള പുരസ്കരം കേരളാ പോലീസിന് ലഭിച്ചിരുന്നു.

കോഴിക്കോട് ബീച്ചിൽ ഏപ്രിൽ 19 ന് ആരംഭിച്ച പ്രദർശനത്തിൽ കേരള പോലീസിന്റെ ഏഴു വിഭാഗങ്ങളാണ് ഏഴു സ്റ്റാളുകളിലായി പങ്കെടുത്തത്. ബോംബ് ഡിറ്റക്ഷൻ ആൻഡ് ഡിസ്പോസൽ സ്കാഡ്, ഫിംഗർ പ്രിൻറ് ബ്യൂറോ, ഫോറൻസിക് സയൻസ് ലബോറട്ടറി, സൈബർ ഡോം, ആംസ് ആന്റ് അമ്യുണിഷൻ, ടെലികമ്മ്യൂണിക്കേഷൻ, സ്റ്റേറ്റ് പോലീസ് മീഡിയ സെൻറർ എന്നീ വിഭാഗങ്ങളാണ് പ്രദർശനത്തിൽ പങ്കെടുത്തത്.

വിവിധതരം ആധുനിക പോലീസ് വാഹനങ്ങളുടെ പ്രദർശനം ഒട്ടേറെപ്പേരെ ആകർഷിച്ചു. പ്രദർശന നഗരിയിൽ ദിവസവും വൈകുന്നേരം ഒരുക്കിയ പോലീസ് നായ്ക്കളുടെ അഭ്യാസപ്രകടനങ്ങളും ശ്രദ്ധേയമായി. അക്രമികളിൽ നിന്ന് സ്വയം രക്ഷപ്പെടുന്നതിനുള്ള പ്രതിരോധമാർഗങ്ങൾ കുട്ടികളെയും സ്ത്രീകളെയും പഠിപ്പിക്കുന്ന കേരള പോലീസിന്റെ വനിത സ്വയം പ്രതിരോധ വിഭാഗത്തിന്റെ സേവനം ധാരാളം പേർ പ്രയോജനപ്പെടുത്തി.

സ്റ്റേറ്റ് പോലീസ് മീഡിയ സെന്ററിനായിരുന്നു പോലീസ് പവലിയന്റെ ഏകോപനച്ചുമതല.

******************